എഫ്.എം എച്ച്.എസ്സ് -കരിങ്കല്ലത്താണി

# സൗവർണ്ണ

ഡിജിറ്റൽ മാസിക

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

തയ്യാറാക്കിയത്- ലിറ്റിൽ കൈറ്റ്സ്

# തിരികെവരൂ മധുരിക്കും കാലമേ



**കടൽതീരങ്ങളെ തിരികെവരൂ**
**കടലോളങ്ങളെ തിരികെവരൂ**
**എൻ മധുരിക്കും ഓർമ്മകളെ....മധുരിക്കും ഓർമ്മകളെ**
**വരില്ലാഎന്നറിയാംമെങ്കിലും ആശിക്കുന്നു.....**

# മഴക്കൊരു ശമനം

## കഥ

ഏതോ ഒരു സ്വപ്നലോകത്തു നിന്നു ഇറങ്ങിവന്ന യാത്രികനെപ്പോലെ അവൽ സംസാരിച്ചുതീർന്നപ്പോൾ ആ കഥ കേട്ട് മേഘം വിതുമ്പുന്നപോലെ തോന്നിപ്പോയി. കത്തിജ്വലിച്ചു നിന്ന സൂര്യൻ ക്ഷീണമകറ്റാൻ പടിഞ്ഞാറേ ചക്രവാളത്തിൽ മായാൻ ഒരുങ്ങി നിന്നു. പിഴച്ചവളായി വാഴാൻ അവൾ തീരെ ആഗ്രഹിച്ച ജീവിതം നശിപ്പിക്കാൻ പോയതാണ് അവിടെ നിന്നും ഒരു കൈ ഉയർന്നു വീണ്ടും ജീവിതത്തിലേക്ക് ഉയരാൻ. അയാൾ പിന്നെ ജീവിതമായി ശ്വാസമായി ഒന്നും ഓർക്കാൻ അവൾക്ക് കഴിഞ്ഞില്ല. കരിയില പോലെ പാറുന്ന ജീവിതത്തെ നോക്കി അമ്മു ഓർക്കാൻ തുടങ്ങി.

വിജനമായ വഴിവീഥികളിൽ നിന്ന് പാടി തുടങ്ങിയ അമ്മു. മങ്ങിയ ഉടുപ്പും ധരിച്ച് വഴികളിൽ പാടി നടന്ന അവൾ പതിയെ മിനുക്കമുള്ളതും പുതിയതും ഡിസൈൻ ചെയ്ത വസ്ത്രങ്ങളും ധരിക്കാൻ തുടങ്ങി.നളിനീപുരത്തെ അമ്മു അമ്മു മാലിക്കായി. അവളുടെ ശബ്ദം അഹങ്കാരമായി സ്വീകരണ മുറികളിൽ നിരന്തരം വിശിഷ്ട അതിഥിയായി. അവളുടെ പ്രശസ്തിയിൽ വളരെ വിശ്വസിക്കയും ബഹുമാനിക്കയും അഹങ്കരിക്കുകയും ചെയ്ത ഒരേ ഒരു സഹോദരൻ അച്ചു മാത്രമായിരുന്നു അമ്മുവിന്റെ ബന്ധു.അച്ചുന്റെയും അമ്മയുടെയും അഭാവം മൂലമാകണം അവൾ മെല്ലെ മെല്ലെ മാറി മാറി തുടങ്ങി. മോഡൽ ഡ്രസ്സും മൊബൈലും ധാരാളം സുഹൃത്തുക്കളുമുണ്ടായി. പ്രശസ്തിവാനോളം,സ്വരമൊന്നു കേൾക്കാൻ മഴ പ്രതീക്ഷിക്കുന്ന വേഴാമ്പലിനെപോലെ ജനങ്ങൾ കാത്തിരുന്നു. ചെറിയ പ്രായത്തിൽ തന്നെ ഇത്രയും തന്നെ പ്രശസ്തി നേടിയതിൽ വൻ ഗായകരും അത്ര തന്നെ അസൂയാലുക്കളായി. ഡ്രഗ് പാർട്ടികളിലും പബ്ബിലും അലഞ്ഞു നടക്കാൻ തുടങ്ങി അവളുടെ യൗവ്വനം. ഇതിനെല്ലാം പ്രേരിപ്പിച്ചത് അച്ചു മാലിക് അമ്മുവിന്റെ അനിയൻ.മദ്യം,മയക്ക്മരുന്ന്,പെണ്ണ് അവനില്ലാത്ത ദുശീലങ്ങൾ ബാക്കിയില്ല. അന്നൊരു തണുപ്പുള്ള ദിവസമായിരുന്നു. റെക്കോർഡിങ്ങിനു ശേഷം അമ്മു വീട്ടിലെത്തി.വാതിൽ തുറന്നപ്പോൾ കണ്ടത് ഭീകരദൃശ്യം.ആർത്തു വിളിച്ചും കുറെ മനുഷ്യരല്ല,മനുഷ്യരെപോലെയുള്ള ചെന്നായകൾ മദ്യം കഴിച്ചും ബീഡിവലിച്ചും രസിക്കുന്നു.അമ്മു ആകെ ഭയപ്പെട്ടു.അവർ അമ്മുവിനെ കണ്ടതും സൂക്ഷ്മ നിരീക്ഷണങ്ങൾ ഓരോ ഭാഗത്തേക്കും അയക്കാൻ

തുടങ്ങി.മാലിക് പറഞ്ഞു."ഇതാണെന്റെ ചേച്ചി അമ്മു...മാലിക്". എല്ലാവരും ചിരിച്ചു.സിംഹക്കൂട്ടത്തിൽപെട്ട ആട്ടിൻകുട്ടിയെ പോലെ സങ്കടമോ

പിഴച്ചവളായി മാത്രം കാണുന്നു. ആ അനർഘനിമിഷത്തെ പഴിച്ച് തന്റെ ജീവിതം ഇരുൾമുറിയിൽ ഒടുങ്ങി അവൾ. മെല്ലെ ആ ഏകാന്തത ചിന്തയുടെ കടൽ സൃഷ്ടിച്ചു. ജീവിതത്തിൽ പിന്തുണ നൽകാൻ

ആരുമില്ലാത്ത അവസ്ഥ തളർത്തി. എന്തോ ഒരു പരിഭ്രാന്തി. എല്ലാം നശിക്കുന്നു. ദേഹത്തെ
വസത്രം അഴിച്ചുമാറ്റാനും തെരുവുവീഥിയിൽ നടക്കാൻ ശ്രമിച്ചു. വെളിച്ചം അണച്ചു ഇരുളിൽ നടക്കാൻ തുടങ്ങി. സഹായത്തിനുള്ള എല്ലാവരും പിഴച്ചവളെന്ന്പറഞ്ഞ് ഒഴിഞ്ഞുമാറി. തകർന്ന ജീവിതം ഉപേക്ഷിക്കാൻ ഒരു ദിവസം നടന്നു, മുന്നേ, പിന്നേ,നോക്കാതെ മകളെ പോകല്ലേ അതുവരെ ആശ്വസിപ്പിക്കാനെത്താത്ത മഴ തടസ്സം പോലെ ശക്തമായി പെയ്തു. പക്ഷേ, ജീവിതത്തിന്റെ വെറുപ്പ് അവളെ അതിനൊന്നും ഭംഗപ്പെടുത്താൻ സമ്മതിച്ചില്ല. റോഡിലൂടെ നടന്ന് ദേഹമാസകലം നനഞ്ഞുകുതിർന്ന അവൾക്കു നേരെ പെട്ടന്ന് ഒരു വാഹനം വന്നു. എല്ലാം നഷ്ടമായി എന്ന് കരുതിയ നിമിഷം.കണ്ണു തുറന്നപ്പോൾ ഒരു കറുത്ത മനുഷ്യൻ തന്നെ നോക്കുന്നു.എന്നിട്ട് പുഞ്ചിരിക്കുന്നു.

അമ്മു മാലിക്ക്, നീ എന്തിനാ മകളേ.....
ആ മകളേ എന്ന വിളി അവളിൽ എന്തോ ഒരു മാറ്റമുണ്ടാക്കി. പെട്ടന്ന് തകർന്ന കുടീരം വീണ്ടും
ഉയരുന്നപ്പോലെ. ഏറെക്കാലമായി പെയ്തുകൊണ്ടിരുന്ന മഴക്കൊരു ശമനംപോലെ............



# അച്ഛന്റെ വേർപ്പാട്

കവിത

അമ്മക്ക് കൂട്ടിനായി ഇന്നാരുമില്ല-
അമ്മ എന്നും തനിച്ചാണ്-
വേർപ്പാടിന്റെ വേദന-
ഇന്നും അമ്മ അറിയുന്നു.-
അച്ഛൻ തനിച്ചാക്കി പോയതിനാൽ-
എൻ മനസ്സിൽ എത്ര വേദന-
എന്നെ ഏകാന്തതയിലേക്ക് നയിച്ചു.
എൻ മനസ്സിൽ വലിയൊരു മുറിപ്പാടായി
അച്ഛന്റെ ഓർമകൾ എൻ മനസ്സിൽ
അലയടിച്ച് എൻ മനസ്സിൽ
അച്ഛൻ ഉണ്ടായിരുന്നെങ്കിൽ-
എന്ന് പലപ്പോഴും ആലോചന
എൻ മനസ്സിൽ കടന്ന് പോയി.
എന്നെ ശുശ്രൂഷിക്കാൻ
ആരുമില്ല എന്ന സങ്കടം
എന്റെ ഹൃദയത്തിൽ അലയടിക്കുന്നു.
എൻ ഹൃദയത്തിൽ അലയടിക്കുന്നു.



# ലിറ്റിൽ കൈറ്റ്സ് - പ്രവർത്തനങ്ങൾ ഫോട്ടോസ്